(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അസിസ്റ്റന്റുമാരുടെ ഒഴിവുനികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ അസിസ്റ്റന്റുമാരുടെ 18 ഒഴിവുകൾ ഇപ്പോഴുണ്ട്.

(ബി) ഒരു വർഷം മുതൽ ആറു മാസം വരെയുള്ള കാലയളവിലാണ് ഒഴിവുകൾ വന്നിട്ടുള്ളത്.

(സി) പി.എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് റെഗുലർ നിയമനം നടത്താത്തത്.

(ഡി) അസിസ്റ്റന്റ് തലത്തിൽ ഒഴിവുകൾ വരുന്നതുമൂലം ഭരണനിർവ്വഹണത്തിന് കാലതാമസം ഉണ്ടാകാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം മേഖലയിൽ സമഗ്ര തൊഴിൽദാനപദ്ധതി

36. [1817] ശ്രീ. കെ. പ്രകാശ് ബാബു :
,, പി. രാജു :
,, ഇ. രാജേന്ദ്രൻ :
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സബ്സിഡിയോടെ ടൂറിസം മേഖലയിൽ സമഗ്ര തൊഴിൽദാന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് സർക്കാർ നൽകുന്ന സബ്സിഡി എത്ര രൂപവീതമാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ടവർക്കുണ്ടായ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 15 ഇന പരിപാടിയിൽ ഉൾപ്പെടുത്തി ടൂറിസം മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവ താഴെ ക്കുറിക്കുന്നു.

1. ടൂറിസം സ്വയം തൊഴിൽ പരിശീലന പദ്ധതി.
2. ജലാശയ ടൂറിസം പദ്ധതി.
3. ഗ്രാമീണ ടൂറിസം വികസന പദ്ധതി.
4. ടൂർ ഓപ്പറേറ്റർമാർക്കുള്ള സ്വയം തൊഴിൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ടൂറിസം സ്വയം തൊഴിൽ പരിശീലനപദ്ധതി, ജലശായ ടൂറിസം പദ്ധതി, ഗ്രാമീണ ടൂറിസം വികസന പദ്ധതി എന്നിവ അതാതു ജില്ലാ കളക്ടർമാരും ടൂർ ഓപ്പറേറേറർമാർക്കുള്ള സ്വയം തൊഴിൽ പദ്ധതി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻറ് ട്രാവൽ സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനവും നടപ്പിലാക്കുന്നു. ടൂറിസം സ്വയം തൊഴിൽ പരിശീലന പദ്ധതി നടപ്പിലാക്കുവാൻ അതാത് ജില്ലകളിൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ടൂറിസം സ്വയം തൊഴിൽ പരിശീലന പദ്ധതിക്ക് മൊത്തം ചെലവിന്റെ 15 ശതമാനം സബ്സിഡി തുകയായി നൽകും എന്നാൽ പരമാവധി 25,000 രൂപ മാത്രം 5 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് അംഗീകാരം നൽകും. ജലാശയ ടൂറിസം പദ്ധതി, ഗ്രാമീണ ടൂറിസം വികസന പദ്ധതി എന്നീ പദ്ധതികൾക്ക് പരമാവധി തുക നിശ്ചയിച്ചിട്ടില്ല. മൊത്തം തുകയുടെ 20 ശതമാനം എന്നാൽ പരമാവധി 50,000 രൂപ വരെ സബ്സിഡി ഇനത്തിൽ നിശ്ചയിച്ചിരിക്കുന്നു. ടൂർ ഓപ്പറേറേറർമാർക്കുള്ള സ്വയം തൊഴിൽ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന തൊഴിൽ രഹിതർക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻറ് ട്രാവൽ സ്റ്റഡീസ് 3 മാസത്തെ പരിശീലനം നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 25,000 രൂപ വരെ 2 വർഷത്തേക്ക് പലിശ രഹിത വായ്പയായി നൽകും. ആകർഷകമായ ബ്രോഷറുകളും മറ്റും അച്ചടിക്കുന്നതിൽ യഥാർത്ഥ തുകയുടെ 50 ശതമാനം വരെ പരമാവധി 10,000 രൂപ സബ്സിഡി നൽകും.

(സി) ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ അത് പരിഹരിക്കാൻ ഉടൻതന്നെ നടപടികൾ സ്വീകരിക്കും.

ടൂറിസത്തിനായി ചെറുകിട പട്ടണങ്ങളുടെ വികസനം

37. [1818] ശ്രീ. സി. കെ. ചന്ദ്രപ്പൻ :
,, എം. നാരായണൻ (ഹോസ്ദുർഗ്) :
,, ഇ. രാജേന്ദ്രൻ :
,, കെ. പ്രകാശ് ബാബു :
,, പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ചെറുകിട പട്ടണങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പട്ടണങ്ങൾ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് :

(ഡി) എന്തുമാത്രം സഹായമാണ് ഈ പദ്ധതിക്കുവേണ്ടി നൽകുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിയിൻകീഴിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly